(ബി) ഉണ്ടെങ്കിൽ അറിയിച്ചത് എന്നാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സ്ഥലം ഏറ്റെടുക്കാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സ്ഥലം ഏറ്റെടുക്കപ്പെട്ടാൽ എത്ര ബെഡ്ഡുകളുള്ള ആശുപത്രി കെട്ടിടം പണിയാനാണുദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 1-12-1984-ൽ.

(സി) ഈ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ മെഡിക്കൽ ആഫീസർക്ക് ഡയറക്ടർ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) 50.

ചെമ്മക്കാട് പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ

37 [70] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിനാട് പഞ്ചായത്തിലെ ചെമ്മക്കാട് പഞ്ചായത്ത് വക്കുള്ള സ്ഥലത്ത് ഒരു പ്രൈമറി ഹെൽത്ത് സെന്റർ നിർമ്മിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഇതിനുള്ള നടപടികൾ എത്രത്തോളമായെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ, ബി) ഇല്ല.

നിലവിലുള്ള ഡിസ്പെൻസറികളെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

മുഴുപ്പിലങ്ങാട് ഫിഷറീസ് ഡിസ്പെൻസറി കെട്ടിടം

38 [71] ശ്രീ. പി. ഇ സ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടുകാർ പണിതീർത്ത മുഴുപ്പിലങ്ങാട് ഫിഷറീസ് ഡിസ്പെൻസറി കെട്ടിടം സർക്കാർ ഏറ്റെടുത്തുവോ: ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) ഇത് സംബന്ധിച്ച് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ഉത്തരം

(എ, ബി) മുഴുപ്പിലങ്ങാട് പഞ്ചായത്തിൽ ഫിഷറീസ് ഡിസ്പെൻസറിക്കുവേണ്ടി പണിതീർത്ത കെട്ടിടം ഏറ്റെടുക്കുന്നതിനുവേണ്ട ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലം എം. എൽ. എ. യുടെ നിവേദനം ഈ കാര്യത്തിനുവേണ്ടിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly